# STD - V

## അദ്ധ്യാപക സഹായി

## പാഠം - ആറ് ജീവന്റെ വില ഭാഗം - ഒന്ന്

### ലക്ഷ്യം

ജീവന്റെ ഉടയവൻ ദൈവമാണ്. ദൈവത്തിനു മാത്രമേ ജീവന്റെമേൽ അധികാരമുള്ളു. ദൈവികജീവൻ കുടികൊള്ളുന്ന മനുഷ്യരായ നാം ദൈവത്തെ മഹത്വപ്പെടുത്തണം; ജീവൻ സംരക്ഷിക്കണം.

### പഠനസഹായികൾ

* CCC 2258, 2319
* ബൈബിൾ വചനം - ഉത്പ. 2:7, പുറ. 20:13, മത്താ. 5:21, പ്രഭാ. 23:8
* സൃഷ്ടികർമ്മത്തിന്റെ വീഡിയോ - യൂട്യൂബ്
* ചിത്രം - കുഞ്ഞിപൈതങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നു
* ജീവന്റെ ഉടയവൻ - ദൈവം
* ജീവൻ വിലപ്പെട്ടതാണ്. ജീവൻ സംരക്ഷിക്കണം, ആദരിക്കണം.
* കൊലപാതകം, ആത്മഹത്യ - പാപം - ദുശ്ശീലങ്ങൾ ജീവൻ നശിപ്പിക്കുന്നു
* എല്ലാ മനുഷ്യരുടെയും ജീവൻ മാനിക്കണം, സംരക്ഷിക്കണം
* എല്ലാ ജീവജാലങ്ങളെയും സംരക്ഷിക്കണം
* സ്വഭാവഹത്യ - സൽപേര് കളങ്കപ്പെടുത്തുന്ന സംസാരം / പ്രവൃത്തി - ഗൗരവമുള്ള തെറ്റാണ് - പ്രഭാ. 23:8

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ. അങ്ങ് നൽകിയ ജീവനെ ഓർത്ത് അങ്ങേയ്ക്ക് നന്ദി പറയുന്നു. ആത്മീയജീവനിൽ വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. സൃഷ്ടപ്രപഞ്ചത്തിന്റെ മകുടം ആരാണ്?
2. മനുഷ്യൻ ജീവനുള്ളവനായതെങ്ങനെ?
3. മനുഷ്യജീവൻ നശിപ്പിക്കാൻ പാടില്ല. കാരണമെന്ത്?
4. എന്താണ് സ്വഭാവഹത്യ?
5. ജീവൻ നശിപ്പിക്കുന്ന ദുശ്ശീലങ്ങൾ ഏവ?

# STD - V

## അദ്ധ്യാപക സഹായി

**പാഠം - ആറ്     ജീവന്റെ വില     ഭാഗം - രണ്ട്**

### ലക്ഷ്യം

പ്രപഞ്ചത്തിലെ ജീവജാലങ്ങൾക്കും മനുഷ്യർക്കും ജീവൻ നൽകിയത് ദൈവമാണ്. ജീവൻ നശിപ്പിക്കുന്ന എല്ലാ പ്രവൃത്തികളും പാപമാണ്. ഏതൊരു ജീവനും സംരക്ഷിക്കുകയും പരിപാലിക്കുകയും വേണം.

### പഠനസഹായികൾ

* വീഡിയോ - കായേനും ആബേലും - യൂട്യൂബ്
* ബൈബിൾ വചനം - ഉത്പ. 9:5-6, 1 യോഹ. 3:15, 1 യോഹ. 4:20, ലൂക്കാ. 6:36, ഫിലി. 2:3

### പാഠത്തിന്റെ ഉള്ളടക്കം

* എല്ലാ ജീവജാലങ്ങൾക്കും മനുഷ്യനും ജീവൻ നൽകിയത് സ്വർഗ്ഗീയ പിതാവാണ്.
* ദൈവസ്നേഹം - സഹോദരസ്നേഹം
* ജീവഹാനി വരുത്തുന്ന പ്രവണതകൾ
* സമാധാനം സ്ഥാപിക്കാൻ ചെയ്യാവുന്നത്.
* എത്രയും ദയയുള്ള മാതാവേ - ജപം

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ. എല്ലാവരിലും കുടികൊള്ളുന്ന അവിടുത്തെ ജീവനെ സംരക്ഷിക്കുവാനും പരിപാലിക്കുവാനും വേണ്ട ദൈവിക കൃപ ഞങ്ങൾക്കു നൽകി അനുഗ്രഹിക്കണമേ. ആമ്മേൻ.

### ചോദ്യങ്ങൾ

1. ദൈവികജീവൻ കുടികൊള്ളുന്ന നാം എപ്രകാരമാണ് ദൈവത്തെ മഹത്വപ്പെടുത്തേണ്ടത്?
2. ജീവഹാനി വരുത്തുന്ന പ്രവണതകൾ ഏവ?

3. ആത്മഹത്യ പാപമാകുന്നതെങ്ങനെ?
4. സമാധാനം സ്ഥാപിക്കാൻ ചെയ്യാവുന്ന കാര്യങ്ങൾ ഏവ?
5. ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ എപ്രകാരമുള്ളവനാണ്?